**ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്**
**ആറ്റുകാൽ, തിരുവനന്തപുരം-9**

ഇ6/4262/2023/എബിറ്റിറ്റി/ 1270 തീയതി: 10.04.2024

## ടെണ്ടർ പരസ്യം

ആറ്റുകാൽ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള നെടുങ്ങാട് എസ്റ്റേറ്റിലെ 1095 റബ്ബർ മരങ്ങൾ മുറിച്ചു കൊണ്ടുപോകുന്നതിനുമുള്ള അവകാശം കരാറടിസ്ഥാനത്തിൽ നല്കുന്നതിനുള്ള സീൽഡ് ടെണ്ടർ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്ഷണിക്കുന്നു. ആയതുപ്രകാരം റബ്ബർ മരങ്ങളുടെ വിലയുടെ വാഗ്ദാനം 20.04.2024 തീയതിയിൽ 3.00 pm വരെ കരാറുകാർക്ക് സീൽഡ് ടെണ്ടർ വഴി സമർപ്പിക്കാവുന്നതാണ്.

## സീൽഡ് ടെണ്ടർ നിബന്ധനകൾ

1. സീൽഡ് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെൻഡർ ഫോം, ഫോം ഒന്നിന് 500 രൂപ + ജി.എസ്.ടിയും നിരതദ്രവ്യം 50,000 രൂപയുമാണ്.
2. ടെണ്ടറിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ നേരിട്ട് 500രൂപ + ജി.എസ്.ടി ഫീസടച്ച്, ടെൻഡർ വ്യവസ്ഥകളും,ടെണ്ടർ ഫോമും ട്രസ്റ്റ് ഓഫീസിൽ നിന്നും 20.04.2024 തീയതി 11.30 am ന് മുമ്പായി വാങ്ങേണ്ടതാണ്. നിരതദ്രവ്യമായ 50,000/- രൂപ സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്.
3. സീൽഡ് ടെണ്ടർ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടീഷനും, തിരിച്ചറിയൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പികൾ, എന്നിവ നിരതദ്രവ്യം അടച്ചതിന്റെ രേഖസഹിതം 20.04.2024 -ാം തീയതി 3.00 pm മണിക്ക് മുൻപായി ട്രസ്റ്റ് ഓഫീസ് വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.
4. ടെണ്ടറിൽ പങ്കെടുക്കുന്നവക്ക് ആവശ്യമെങ്കിൽ എസ്റ്റേറ്റ് സൂപ്പർ വൈസറുടെ അനുവാദത്തോടെ തോട്ടത്തിൽ പോയി വിസ്തൃതി, അതിര്, മരങ്ങളുടെ എണ്ണം, മരങ്ങളുടെ നിലവിലുള്ള അവസ്ഥ, വഴി സൗകര്യം എന്നിവയെ കുറിച്ച് നേരിട്ട് മനസ്സിലാക്കാവുന്നതാണ്.
5. മരം മുറിക്കുന്നതിനുള്ള കാലാവധി ഒരു മാസം മാത്രമായിരിക്കും.
6. ഏറ്റവും കൂടുതൽ തുകയ്ക്ക് ലഭിച്ച ടെൻഡർ ടി തുക യുക്തമല്ലെന്ന് കണ്ട് അംഗീകരിക്കാതിരിക്കുന്നതിനു ട്രസ്റ്റിന് അവകാശമുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം ട്രസ്റ്റ് ടെണ്ടർ അംഗീകരിക്കാതെ വന്നാൽ പ്രസ്തുത വ്യക്തിക്ക് ടിയാൻ അടച്ച നിരതദ്രവ്യം പലിശരഹിതമായി മടക്കി നൽകുന്നതുമാണ്.
7. ടെണ്ടർ സ്ഥിരീകരിക്കാത്തതായ വ്യക്തികൾക്ക് അവരവർ അടച്ച നിരതദ്രവ്യം പലിശരഹിത

മായി മടക്കി നൽകുന്നതുമാണ്.

8. ടെണ്ടർ സ്ഥിരീകരണം ട്രസ്റ്റ് സ്ഥിരീകരണാർഹ ടെണ്ടർ സമർപ്പിച്ച വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും, അങ്ങനെ ടെണ്ടർ സ്ഥിരീകരണത്തിന്റെ തീയതി മുതൽ 7 ദിവസത്തിനകം മൊത്തം തുകയും (നിരതദ്രവ്യമടക്കം) ബാധകമായ നികുതി സഹിതം ട്രസ്റ്റിന്റെ ബാങ്ക് അക്കൗണ്ടിൽ അട ക്കേണ്ടതാണ്.

9. ടെണ്ടർ സ്ഥിരീകരണത്തിന്റെ തീയതി മുതൽ 7 ദിവസത്തിനകം വ്യവസ്ഥകൾ അനുസരിച്ചുള്ള മുഴുവൻ തുകയും യഥാസമയം അടച്ച് കരാറുകാരന്റെ ചെലവിൽ ട്രസ്റ്റ് സെക്രട്ടറിയുമായി ഇത നുസരിച്ചുള്ള ഉടമ്പടി 200/-രൂപയുടെ കേരള ഗവൺമെന്റ് വക മുദ്രപത്രത്തിൽ വയ്ക്കേണ്ടതാ ണ്. അതിൽ വീഴ്ച വരുത്തുന്ന പക്ഷം ടെണ്ടർ അസ്ഥിരപ്പെടുത്തുന്നതും, സ്ഥിരീകരണ ഉത്തരവ് റദ്ദാക്കുന്നതും ട്രസ്റ്റിൽ പ്രസ്തുത വ്യക്തി അടച്ചിട്ടുള്ളതായ എല്ലാ തുകകളും കണ്ടുകെട്ടി ട്രസ്റ്റിന്റെ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതുമാണ്. ഇതുമൂലം ട്രസ്റ്റിനുണ്ടാകുന്ന എല്ലാവിധ കഷ്ട നഷ്ടങ്ങൾക്കും പ്രസ്തുത വ്യക്തി ഉത്തരവാദിയായിരിക്കുന്നതും ആയത് ടിയാനിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് ട്രസ്റ്റിന് അവകാശമുണ്ടായിരിക്കുന്നതും ടി വ്യക്തിയെ നിശ്ചിത കാല യളവിലേക്ക് ട്രസ്റ്റിന്റെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും ടി കാലയളവിൽ ട്രസ്റ്റിന്റെ പിന്നീ ട്ടുള്ള ടെണ്ടറുകളിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ലാത്തതുമാകുന്നു.

10. ഏറ്റവും കൂടിയ തുകയ്ക്ക് ടെണ്ടർ സമർപ്പിച്ച വ്യക്തി ട്രസ്റ്റ് അന്തിമ തീരുമാനമെടുക്കുന്നതു വരെ സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. അപ്രകാരംചെയ്യുന്ന പക്ഷം അടച്ചി ട്ടുള്ള നിരതദ്രവ്യം ട്രസ്റ്റിലേക്ക് മുതൽകൂട്ടുവാനുള്ള പൂർണ്ണ അധികാരം ട്രസ്റ്റിനുണ്ടായിരിക്കു ന്നതാണ്.

11. ടെണ്ടർ തുക ബാധകമായ എല്ലാ നികുതികളും സഹിതം മുൻകൂട്ടി അടച്ച് നിശ്ചിത കരാർ ഒപ്പി ട്ടതിനു ശേഷം മാത്രമേ ടെണ്ടർ ഉറപ്പിച്ചു കിട്ടിയിട്ടുള്ള വ്യക്തിക്ക് തോട്ടത്തിൽ പ്രവേശിക്കുന്ന തിനും മരം മുറിക്കുന്നതിനും അവകാശമുണ്ടായിരിക്കുകയുള്ളൂ.

12. ഏതെങ്കിലും സാഹചര്യത്തിൽ കരാറുകാരന് കരാർ കാലാവധിക്കുള്ളിൽ മരം മുറിച്ച് നീക്കം ചെയ്യുന്നതിന് സാധിക്കാതെ വന്നാൽ കരാറുകാരന്റെ അപേക്ഷയിന്മേൽ, യുക്തമെന്ന് ബോധ്യ മായാൽ ആഴ്ച ഒന്നിന് കരാറ് തുകയുടെ 0.5 % പിഴപ്പലിശ ഈടാക്കി പരമാവധി മൂന്ന ആഴ്ച വരെ കരാർ കാലാവധി നീട്ടി നൽകുന്നതിന് ട്രസ്റ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്. തുടർന്നും കരാർ പ്രവർത്തികൾ പൂർത്തിയാക്കാത്ത പക്ഷം കരാർ ഉടമ്പടി റദ്ദ് ചെയ്യുന്നതും അടച്ച തുക കൾ മുഴുവനും കണ്ടുകെട്ടി മുതൽ കൂട്ടുന്നതിന് ട്രസ്റ്റിന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

13. വെട്ടിമാറ്റി നീക്കം ചെയ്യുന്നതിനുള്ള കാലാവധി ഒരു മാസം മാത്രമായിരിക്കും. നിശ്ചിത കരാർ കാലാവധിക്ക് ശേഷം കരാറിൽ ഉൾപ്പെട്ട മരങ്ങൾ വെട്ടിമാറ്റാതിരിക്കുകയോ വെട്ടിയ മരങ്ങൾ എസ്റ്റേറ്റിൽ നിന്നും നീക്കം ചെയ്യാതിരിക്കുകയോ ചെയ്താൽ പ്രസ്തുത മരങ്ങളുടെ മേൽ കരാ റുകാരന് പിന്നീട് യാതൊരു അവകാശവും ഉണ്ടാകുന്നതല്ലാത്തതും മുറിച്ചു മാറ്റാത്ത മരങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനുള്ള ചെലവും നഷ്ടവും കരാറുകാരനിൽ നിന്ന് ഈടാക്കി എടുക്കുന്നതിനുള്ള പൂർണ്ണ അധികാരവും അവകാശവും ട്രസ്റ്റിന് ഉണ്ടായിരിക്കുന്നതുമാണ്.

14. ഏതെങ്കിലും കാരണവശാൽ കാലാവധി തീരുന്നതിനുമുമ്പായി കരാറുകാരൻ ഉപേക്ഷിച്ചുപോ

കുന്ന പക്ഷം ട്രസ്റ്റ് പുനർ ടെണ്ടർ നടത്തുന്നതും കരാർ റദ്ദു ചെയ്യുന്നത് മൂലം ട്രസ്റ്റിനുണ്ടാകുന്ന എല്ലാ വിധ കഷ്ട നഷ്ടങ്ങളും കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിന് ട്രസ്റ്റിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

15. കരാർ നൽകിയിട്ടുള്ള മരംവെട്ട് നടക്കുമ്പോൾ ട്രസ്റ്റിന്റെ ഉദ്യോഗസ്ഥന്മാർക്ക് ഏത് സമയവും പരിശോധിക്കുവാനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്.

16. തീ പിടിത്തം, വരൾച്ച, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന മരങ്ങളുടെ നഷ്ടം, കരാറുകാരുടെ തൊഴിലാളികളുടെ സമരം/ പണിമുടക്ക് മുതലായവ മൂലമുണ്ടാകുന്നതോ മറ്റേതെങ്കിലും വിധത്തിലുള്ളതായ നാശനഷ്ടങ്ങൾക്കോ ട്രസ്റ്റ് ഉത്തരവാദിയായിരിക്കുന്നതോ, നഷ്ട പരിഹാരങ്ങൾ നൽകുന്നതോ അല്ല. കരാറുകാരന്റെ തൊഴിലാളികൾക്ക് ലഭിക്കേണ്ടതായ യാതൊരുവിധ ആനുകൂല്യങ്ങളോ, നഷ്ടപരിഹാരമോ നൽകുന്നതിന് ട്രസ്റ്റിന് ബാധ്യത ഉണ്ടായിരിക്കുന്നതല്ല. ആയത് കരാറുകാരൻ തന്നെ സ്വന്തം ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കേണ്ടതാണ്.

17. കരാർ കാലയളവിൽ തോട്ടത്തിൽ തീപിടിത്തമുണ്ടാകാതെ തോട്ടം സംരക്ഷിക്കുന്നതിനുള്ള പൂർണ്ണമായ ചുമതല കരാറുകാരനായിരിക്കും.

18. കരാർ കാലയളവിൽ എസ്റ്റേറ്റ് അതിർത്തിക്കുള്ളിലോ, സമീപ പ്രദേശത്തോ കരാറുകാരനോ ടിയാന്റെ തൊഴിലാളികളോ നിയമം മൂലം നിരോധിക്കപ്പെട്ടിട്ടുള്ളതായ ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ആയതിനു സഹായിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല. ഇതിന് വിപരീതമായി പ്രവർത്തിക്കുന്നതാകയാൽ കരാർ റദ്ദ് ചെയ്ത് കരാറുകാരൻ അടച്ചിട്ടുള്ളതായ എല്ലാ തുകകളും ട്രസ്റ്റിലേക്ക് കണ്ടുകെട്ടി മുതൽകൂട്ടുന്നതുമായിരിക്കും.

19. കരാർ വ്യവസ്ഥകൾക്ക് വിപരീതമായി കരാറുകാരനോ,അയാളുടെ തൊഴിലാളികളോ പ്രവർത്തിക്കുന്നതായി ട്രസ്റ്റിന് ബോധ്യപ്പെട്ടാൽ മുന്നറിയിപ്പ് കൂടാതെ കരാറുകാരൻ ട്രസ്റ്റിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതുമായ എല്ലാവിധ കരാർ ഇടപാടുകളും റദ്ദ് ചെയ്യുന്നതും ട്രസ്റ്റിലേക്ക് അടച്ചിട്ടുള്ള എല്ലാ തുകയും ട്രസ്റ്റ് മുതലിലേയ്ക്ക് കണ്ടുകെട്ടി മുതൽ കൂട്ടുന്നതിനും കൂടാതെ കരാറുകാരൻ ശേഖരിച്ചിരിക്കുന്നതും നീക്കം ചെയ്യാത്തതുമായ റബ്ബർ തടി ട്രസ്റ്റ് കണ്ടുകെട്ടി മുതൽക്കൂട്ടുന്നതുമായിരിക്കും. ആവശ്യമെന്ന് കണ്ടാൽ,ശേഷിക്കുന്ന കാലയളവിലേയ്ക്ക് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ടെണ്ടർ വഴി വിൽപ്പന നടത്തുന്നതിനോ, സ്വന്തം ചുമതലയിൽ നേരിട്ടോ,അല്ലാതെയോ കരാർ പ്രകാരമുള്ള പ്രവൃത്തികൾ നടത്തുന്നതിനോ ട്രസ്റ്റിന് തീരുമാനമെടുക്കാവുന്നതും ആയതിലേയ്ക്ക് ഉണ്ടാകുന്ന സകലവിധ ചെലവുകളും നഷ്ടവും കരാറുകാരനിൽനിന്നോ, ടിയാന്റെ മുതലുകളിൽ നിന്നോ ഈടാക്കിയെടുക്കുന്നതിനും ട്രസ്റ്റിന് അധികാരവും അവകാശവുമുണ്ടായിരിക്കുന്നതാണ്.

20. കരാർ ജോലി തുടങ്ങുന്നതിനു മുമ്പായി കരാറുകാരൻ ടിയാന്റെ തൊഴിലാളികളുടെ മേൽവിലാസങ്ങൾ എസ്റ്റേറ്റ് സൂപ്പർവൈസറുടെ അല്ലെങ്കിൽ ട്രസ്റ്റ് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ പക്കൽ രേഖാ മൂലം നൽകി പ്രവേശനപാസ്സുകൾ വാങ്ങിയിരിക്കേണ്ടതാണ്. തൊഴിലാളികളെ മാറ്റി നിയമിക്കുന്ന സാഹചര്യത്തിലും ഈ നടപടി കരാറുകാരൻ പാലിക്കേണ്ടതാണ്.

21. ടെണ്ടർ തുകയ്ക്ക് പുറമെ വില്പന നികുതിയോ, മറ്റ് ഏതെങ്കിലും നികുതികളോ നിയമംമൂലം ബാധകമാക്കുകയാണെങ്കിൽ ആയത് കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്. ഈ കരാർ

പ്രവർത്തികൾക്ക് മറ്റു ഡിപ്പാർട്ട്മെന്റുകളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ലൈസൻസോ മറ്റു രേഖകളോ ആവശ്യമായാൽ ആയത് കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും എടുക്കേണ്ടതാണ്.

22. കരാറുകാരനിൽനിന്നോ, ഏജന്റിൽനിന്നോ ടിയാന്റെ തൊഴിലാളികളിൽ നിന്നോ ട്രസ്റ്റ് വക റബ്ബർ മരങ്ങക്കോ, മറ്റ് വസ്തുവകൾക്കോ ഏതെങ്കിലും നാശനഷ്ടം സംഭവിച്ചാൽ നഷ്ടപരിഹാരത്തുക ട്രസ്റ്റ്, നിശ്ചയിക്കുന്നതും ടി തുക കരാറുകാരൻ ഉടനെതന്നെ ട്രസ്റ്റ് ഓഫീസിൽ അടയ്ക്കേണ്ടതുമാണ്. ട്രസ്റ്റിന്റെ ഇക്കാര്യത്തിലെ തീരുമാനം അന്തിമമായിരിക്കുന്നതും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

23. എസ്റ്റേറ്റിൽ നിന്ന് ഓരോ ദിവസവും മുറിച്ചു മാറ്റുന്ന മരങ്ങളുടെ കണക്ക് അതു നീക്കം ചെയ്യുന്നതിനു മുമ്പ് എസ്റ്റേറ്റ് സൂപ്പർ വൈസറെയോ ട്രസ്റ്റ് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനേയോ രേഖാമൂലം അറിയിച്ചിരിക്കേണ്ടതാണ്.

24. വെട്ടിമാറ്റുന്ന മരങ്ങളല്ലാതെ എസ്റ്റേറ്റിൽ നിന്നും വിറക്, പുല്ല് തുടങ്ങിയ സാധനങ്ങൾ കരാറുകാരനോ, അയാളുടെ തൊഴിലാളികളോ, കൊണ്ടുപോകാൻ പാടില്ലാത്തതാണ്. റബ്ബർ മരങ്ങൾ തറ നിരപ്പിൽ **മുറിച്ചു മാറ്റാതെ വേരോടെ പിഴുതെടുക്കേണ്ടതാണ്.** മരങ്ങൾ മുറിക്കുമ്പോൾ മറ്റ് തൈ മരങ്ങൾക്കോ കെട്ടിടങ്ങൾക്കോ യാതൊരുവിധ കേടുപാടുകളും വരുത്താൻ പാടില്ല. മരങ്ങൾ മുറിക്കുന്ന സമയത്ത് ഉണ്ടാകുന്ന കൂലി സംബന്ധമായ യൂണിയൻ പ്രശനങ്ങൾക്കോ അപകടങ്ങൾക്കോ ട്രസ്റ്റിന് യാതൊരു വിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. ആയത് ടെണ്ടർ പിടിക്കുന്നവരിൽ നിക്ഷിപ്തമായിരിക്കും.

25. എസ്റ്റേറ്റ് സൂപ്രവൈസർക്കും ട്രസ്റ്റ് അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥന്മാർക്കും കരാറുകാരന്റെ തൊഴിലാളികളെയും റബ്ബർ മരം കൊണ്ടുപോകുന്ന വാഹനങ്ങളുടെ സഞ്ചാരത്തെയും ട്രസ്റ്റിന്റെ താല്പര്യം സംരക്ഷിക്കുന്നതിനായി നിയന്ത്രിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

26. കരാർ കാലാവധിയിൽ കാറ്റ് മൂലമോ പ്രകൃതിക്ഷോഭം മൂലമോ ഒടിഞ്ഞോ പിഴുതോ വീഴുന്ന മരങ്ങൾക്ക് ട്രസ്റ്റിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. ടി മരങ്ങൾക്ക് കരാർ തുകയിൽ യാതൊരു ഇളവും ലഭിക്കുന്നതല്ല

27. കരാറുകാരൻ യാതൊരു കാരണവശാലും സ്ഥിരമോ താത്കാലികമോ ആയ നിർമ്മാണ പ്രവർത്തനങ്ങൾ യാതൊന്നുംതന്നെ എസ്റ്റേറ്റിനുള്ളിൽ നടത്താൻ പാടുള്ളതല്ല.

28. കരാറുകാരൻ കരാർ പ്രവർത്തികൾ നടത്തുന്ന സ്ഥലത്തുനിന്നും മുറിച്ചുകൊണ്ട് പോകുന്ന റബ്ബർ മരങ്ങൾ നീക്കം ചെയ്യുന്ന സമയത്ത് എസ്റ്റേറ്റ് സൂപ്പർവൈസറിൽ നിന്നോ ട്രസ്റ്റ് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നോ പാസ് വാങ്ങേണ്ടതാണ്. സെക്യൂരിറ്റി പരിശോധനയ്ക്ക് വിധേയമായി മാത്രമേ ടി സാധനങ്ങൾ എസ്റ്റേറ്റിന് വെളിയിൽ കൊണ്ടുപോകാൻ അനുവാദമുണ്ടായിരിക്കുകയുള്ളു.

29. മരങ്ങൾ കൊണ്ടുപോകുന്ന സമയം എസ്റ്റേറ്റ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9.00 മണി മുതൽ വൈകുന്നേരം 5.30 മണി വരെയായിരിക്കും. എസ്റ്റേറ്റ് അവധി ദിവസങ്ങളിൽ യാതൊരു കാരണവശാലും മരം മുറിക്കുന്നതിനോ അനുബന്ധ പ്രവൃത്തി ചെയ്യുന്നതിനോ അനുവദിക്കു

ന്നതല്ല. പ്രത്യേക സാഹചര്യങ്ങളിൽ സൂപ്പർവൈസറുടെ രേഖാമൂലമായ അനുവാദത്തോടെ സമയ പരിധിക്കുശേഷം മരങ്ങൾ മുറിച്ച് തടികൾ കൊണ്ടുപോകാൻ അനുമതി നല്കുന്നതാണ്.

30. യാതൊരു കാരണവും കാണിക്കാതെ ഏതൊരു ടെണ്ടറും അംഗീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

31. മരം മുറിക്കൽ സംബന്ധിച്ച ടെണ്ടറിലോ ഇതു സംബന്ധമായ കരാർ വ്യവസ്ഥകളുടെ വ്യാഖ്യാനത്തിലോ നടത്തിപ്പിലോ എന്തെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം ട്രസ്റ്റ് സെക്രട്ടറിക്ക് അതിൽ തീർപ്പ് കല്പിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും പ്രസ്തുത തീർപ്പ് അന്തിമമായിരിക്കുന്നതുമാണ്.

32. കരാർ നിയമപ്രകാരം ട്രസ്റ്റും കരാറുകാരനുമായി എന്തെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയത് തിരുവനന്തപുരം ജില്ലയിലെ കോടതികളിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

33. കരാർ ഒപ്പിട്ടതിനുശേഷം നൽകുന്നവർക്ക് ഓഡർ തീയതി മുതൽ ജോലി ആരംഭിക്കാവുന്നതാണ്.

34. കരാറുകാരന്റെ തൊഴിലാളികൾക്ക് മരം മുറി സംബന്ധമായി ഏതെങ്കിലും വിധത്തിൽ നിയമപരമായോ, മറ്റ് തരത്തിലോ, കൊടുക്കാനുള്ള വേതനത്തിനോ മറ്റ് ആനുകൂല്യങ്ങൾക്കോ ട്രസ്റ്റ് യാതൊരു കാരണവശാലും ഉത്തരവാദിയായിരിക്കുന്നതല്ല. ഇത് സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതും ആയത് ടിയാൻ സ്വന്തം ഉത്തരവാദിത്വത്തിൽ പരിഹരിക്കേണ്ടതുമാണ്.

35. കരാർ ഏറ്റെടുക്കുന്നയാൾ കരാർ പുർത്തിയാക്കിയതിനുശേഷം എസ്റ്റേറ്റ് സൂപ്പർവൈസ്സറിൽ നിന്നും ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കി 15 ദിവസത്തിനകം ട്രസ്റ്റ് എന്തെങ്കിലും തരത്തിലുള്ള തുക കരാറുകാരനിൽ നിന്നും ഈടാക്കാനുണ്ടെങ്കിൽ ആയത് വസൂൽ ചെയ്തതിനുശേഷം ബാക്കിയുള്ള സെക്യൂരിറ്റി തുക തിരികെ നൽകുന്നതാണ്. സെക്യൂരിറ്റി തുകക്ക് പലിശ നൽകുന്നതല്ല.

36. മരങ്ങളുടെ എണ്ണം , ക്രമീകരണം എന്നിവയിൽ പരസ്യപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി ഭേദഗതികൾ വരുത്തുന്നതിനുള്ള അധികാരം ട്രസ്റ്റ് സെക്രട്ടറിക്കുണ്ടായിരിക്കുന്നതാണ്.

37. കരാർ ഉറപ്പിച്ചുകിട്ടിയ വ്യക്തി ടി അവകാശം മറ്റൊരാൾക്കും കൈമാറ്റം ചെയ്യാനോ മറിച്ചു നൽകാനോ പാടുള്ളതല്ല.

38. ടെണ്ടർ സമർപ്പിക്കുന്നവർ ആധാർകാർഡ്, പാൻകാർഡ് എന്നിവയുടെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്.

39. മേൽപ്പറഞ്ഞ ടെണ്ടർ വ്യവസ്ഥകൾ ഇത് സംബന്ധമായി വയ്ക്കുന്ന കരാറിന്റെ ഭാഗമായിരിക്കുന്നതാണ്.

40. ടെണ്ടറുകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം 20.4.2024 – ാം തീയതി 3.00 pmവരെയാണ്.തുടർന്ന് ടെണ്ടറുകൾ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ അന്നേദിവസം വൈകുന്നേരം 4.00 pm ന് ട്രസ്റ്റാഫീസിൽ വെച്ച് തുറക്കുന്നതാണ്.

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനു വേണ്ടി

സെക്രട്ടറി

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്
ആറ്റുകാൽ, തിരുവനന്തപുരം-9

## സമ്മതപത്രം

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിന്റെ നെടുമങ്ങാട് എസ്റ്റേറ്റിലെ റബർ മരങ്ങൾ മുറിച്ചുകൊണ്ട് പോകുന്നതിനുള്ള കരാറിന്റെ സീൽഡ് ടെൻഡർ വ്യവസ്ഥകൾ ഇന്നേദിവസം കൈപ്പറ്റിയിരിക്കുന്നു. ടി വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, ആയത് അനുസരിക്കുന്നതുമായിരിക്കുമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

പേര്
തപാൽ മേൽവിലാസം

മൊബൈൽ നമ്പർ:

സ്ഥലം :-
ഒപ്പ്: ..............................

തീയതി:
പേര്: ..............................